LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി തടസ്സം

173 [1753] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്തിൽ ഇടയ്ക്കിടയ്ക്ക് വൈദ്യുതി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റാഫിന്റെ അപര്യാപ്തതയാണോ ഇതിനു കാരണമെന്ന് വ്യക്തമാക്കാമോ;

(സി) ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

മുക്കം, ചാത്തമംഗലം പഞ്ചായത്തുകളിലെ വൈദ്യുതി വിതരണം

174 [1754] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം അഗസ്ത്യൻ മുഴി 110 കെ. വി. സബ്സ്റ്റേഷനുവേണ്ടി ലൈൻ വലിക്കുന്നതിന് വെട്ടിമാറ്റപ്പെട്ട ഫലവൃക്ഷങ്ങളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്കാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകാൻ വൈകുന്നതിന്റെ കാരണം അറിയിക്കാമോ;

(ഡി) ചാത്തമംഗലം പഞ്ചായത്തിലെ 2, 3 വാർഡുകളിലെയും മുക്കം പഞ്ചായത്തിലെ 4-ാം വാർഡിലെയും ആളുകളുടെ ഫലവൃക്ഷങ്ങൾ വെട്ടി മാറ്റിയതിന് നഷ്ടപരിഹാരം നൽകിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കാമോ;

(എഫ്) നഷ്ടപരിഹാരം എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) കുന്ദമംഗലം-അഗസ്ത്യൻ മുഴി 110 കെ. വി. ലൈൻ വലിക്കുന്നതിന് വേണ്ടി ആദ്യം വെട്ടിമാറ്റപ്പെട്ട ഫലവൃക്ഷങ്ങളുടെ ഉടമകളായ 315 പേർക്ക് നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു. രണ്ടാമത് മുറിച്ച് മാറ്റപ്പെട്ട വൃക്ഷങ്ങളുടെ നഷ്ടപരിഹാരം തിട്ടപ്പെടുത്താൻ വേണ്ടി കായ്ഫലങ്ങളുടെ